**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റുചീട്ട് സഹിതം)**

നം.കെ.എസ്.എ-ഐ.ഡി.കെ-13/741/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Phone No : 04862 227332
E-mail : doidk.ksad@kerala.gov.in

തീയതി:04.09.2019

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അറക്കുളം ഗ്രാമപഞ്ചായത്ത്

സർ

വിഷയം :- അറക്കുളം ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ്സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**പകർപ്പ് :**

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-13/741/2019 തീയതി:04.09.2019

## ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

*******************

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.10.2018 മുതൽ 14.07.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീമതി. ബേബി സന്തുജ, ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 15.07.2019 മുതൽ20.07.2019വരെ |

| | | |
|---|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീ. ധനജയൻ.റ്റി.എസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.മേരി ആൻഡ്രൂസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജീവ്. എം. എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.മരുൺ മാത്യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എബി എബ്രഹാം | സീനി.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. മായാ കൃഷ്ണൻ | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ.ടോമി ജോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ.തുളസീധരൻപിള്ള പി .എസ് | 01.04.2018 മുതൽ 20.02.2019 വരെ |
| | ശ്രീമതി.ജലജകുമാരി എൻ.ജി<br>(അസി. സെക്രട്ടറി അധിക ചുമതല) | 21.02.2019 മുതൽ 17.03.2019 വരെ |
| | ശ്രീമതി അംബിക സി | 18.03.2019 മുതൽ 31.03.2019 വരെ |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| | | |
|---|---|---|
| **കൃഷി ഓഫീസർ** | ശ്രീ.മാർട്ടിൻ തോമസ് | 01/04/2018 മുതൽ 31/03/2019വരെ |
| **വെറ്ററിനറി സർജൻ** | ഡോ.മറിയാമ്മ തോമസ് | 01/04/2018 മുതൽ 31/03/2019വരെ |
| **ഡയറി ഫാം ഇൻസ്പെക്ടർ** | ശ്രീ.ജോർജ്ജ് എം എൽ | 01/04/2018 മുതൽ 31/03/2019 വരെ |
| **ഐ.സി.ഡി.എസ്. സൂപ്പർവൈസർ** | ശ്രീമതി.ബിന്ദു എ എസ് | 01/04/2018മുതൽ 06/07/2018 വരെ |
| | 07.07.2018 മുതൽ 26.07.2018 വരെ ഒഴിവ് | |
| | ശ്രീമതി.അഞ്ജു ട്രീസ ജോയി | 27/07/2018 മുതൽ 31/03/2019 വരെ |
| **വി.ഇ.ഒ.** | ശ്രീമതി.ജയലളിത പി കെ | 01/04/2018 മുതൽ 31/03/2019 വരെ |
| **മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)** | ഡോ.കെ സി ചാക്കോ | 01/04/2018 മുതൽ04/03/2019വരെ |
| | ഡോ. അനില ബേബി | 05/03/2019 മുതൽ 31/03/2019 വരെ |
| **മെഡിക്കൽഓഫീസർ(ആയുർവ്വേദം)** | ഡോ.ജീന മേരി വർഗീസ്<br>(അറക്കുളം) | 01/04/2018 മുതൽ 31/03/2019 വരെ |
| | ഡോ.ദീപ്തി എം.വി.<br>(കുരുതിക്കളം) | 01/04/2018 മുതൽ 31/03/2019 വരെ |
| **മെഡിക്കൽഓഫീസർ(ഹോമിയോ)** | ഡോ ബീന എം എസ് | 01/04/2018 മുതൽ 31/03/2019 വരെ |
| **ഹെഡ് മാസ്റ്റർ** | ശ്രീ.പി ആർ നാരായണൻ | 01/04/2018 മുതൽ 31/03/2019 വരെ |
| **അസി. എഞ്ചിനീയർ** | ശ്രീ.അനീഷ് സത്യൻ | 01/04/2018 മുതൽ 31/03/2019 വരെ |

| | | |
|---|---|---|
| അസി സെക്രട്ടറി | ശ്രീ.പ്രദീപ് എസ് | 01/04/2018 മുതൽ 20/06/2018 വരെ |
| | ശ്രീമതി.ജലജകുമാരി എൻ ജി | 21/06/2018 മുതൽ 31/03/2019 വരെ |

**ഉള്ളടക്കം**


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| 13 | 2-1 | വസ്തു നികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു |
| 14 | 2-2 | സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച്. |
| 15 | 2-3 | കെട്ടിട വാടക ഈടാക്കുന്നതിലെ അപാകതകൾസംബന്ധിച്ച് |
| 16 | 2-4 | ഡി & ഓ ലൈസൻസ് , കുറഞ്ഞ ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചിരിക്കുന്നു |
| 17 | 3-1 | ദീർഘവീക്ഷണമില്ലാതെ പദ്ധതികൾ നടപ്പാക്കിയതു സംബന്ധിച്ച് |

| | | |
|---|---|---|
| | | |
| 18 | 3-2 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ചില്ല. |
| 19 | 3-3 | ഹോമിയോ, ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ - പണം നൽകിയിട്ടും മരുന്ന് ലഭ്യമായില്ല. |
| 20 | 3-4 | കുടുംബശ്രീ -ആശ്രയ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു |
| 21 | 3-5 | ലൈഫ് പദ്ധതി |
| 22 | 3-6 | ക്വട്ടേഷൻ ഇല്ലാതെ വാഹന റിപ്പയറിംഗ് നടത്തിയത് |
| 23 | 3-7 | ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്ന് നേരിട്ടു വാങ്ങലുകൾ നടത്തിയതു സംബന്ധിച്ച് |
| 24 | 3-8 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം -കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല. |
| 25 | 3-9 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് |
| 26 | 3-10 | ആർജ്ജിതാവധി പുനർക്രമീകരിക്കാത്തതു സംബന്ധിച്ച് |
| 27 | 3-11 | വെള്ളക്കരം, കറന്റ് ചാർജ്ജ് - സംയുക്ത പരിശോധന നടത്തിയില്ല- പഞ്ചായത്തു ഫണ്ടിന്റെ നിരന്തര ചോർച്ച |
| 28 | 3-12 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വൻ തുക ചെലവാകാതെ അവശേഷിക്കുന്നു. |
| 29 | 3-13 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണം പൊതു അപാകതകൾ |
| 30 | 3-14 | തൊഴിലുറപ്പ്പദ്ധതി അവലോകനം |
| 31 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 32 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 33 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |

| | | |
|---|---|---|
| 34 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 35 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 36 | 4-6 | ഓഡിറ്റ് റിക്കവറി |
| 37 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 38 | 4-8 | ചാർജ്ജ് ,സർചാർജ്ജ് |
| 39 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 40 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 41 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 28.03.2018-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 29.01.2019-ലെ 5(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.19 | 12.4.2019 | - | - |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 20.5.19 മുതൽ 21.5.19 വരെ | കെ.എസ്.എ -ഐ.ഡി.കെ-3/520/19(3)/ 16.08.2019 |

### 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11603021 |

| | |
|---|---|
| വരവ് | 113591653 |
| ആകെ | 125194674 |
| ചെലവ് | 109503943 |
| നീക്കിയിരിപ്പ് | 1569073 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23516177 | 23516177 | 23516177 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3385000 | 3385000 | 3385000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 8529000 | 8529000 | 8529000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7147000 | 7147000 | 6449574 | 697,426 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4874000 | 4874000 | 4874000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 1393193 | 1393193 | 10914000 | 2279193 |
| സാക്ഷരത | 0 | 31305 | 31305 | 31305 | 0 |
| ദുരിതാശ്വാസനിധി | 0 | 325000 | 325000 | 315460 | 9540 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് | അഡ്മിനിസ്ട്രേറ്റിവ് ചെലവ് | 33523 | 808589 | 842112 | 825109 | 17003 |
| | തൊഴിലാളികളുടെ കൂലി | - | 29752556 | 29752556 | 29752556 | - |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ടോട്ടൽ സാനിട്ടേഷൻ ഗ്രാന്റ് | | - | 2149536 | 2149,536 | 1134,290 | 1015246 |
| ശുചിത്വ മിഷൻ | | 25000 | 0 | 25000 | 0 | 25000 |
| വെസ്റ്റേൺ ഗാട്ട് | | 57500 | 0 | 57500 | 52000 | 5500 |
| എൻ ആർ എച്ച് എം | | 285200 | 300000 | 5852000 | 137567 | 447,633 |
| ഐ സി ഡി എസ് | | 1229685 | 478500 | 1708185 | 377985 | 1330200 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ(ഇനം തിരിച്ച് ചേർക്കുക) | | | | | | |
| എം പി ഫണ്ട് | | - | 350,000 | 350,000 | 350,000 | - |
| എം എൽ എ ഫണ്ട് | | - | 199,998 | 99,998 | 99,998 | - |
| ജലനിധി | | 1861804 | 10007831 | 11869635 | 10384572 | 1485063 |
| വിമുക്തി | | 25000 | 25000 | 50000 | 25000 | 25000 |
| എസ്.റ്റി തൊഴിൽ പരിശീലനം | | 28800 | - | 28800 | - | 28800 |
| പട്ടിക വർഗ്ഗവികസന വകുപ്പ് | | - | 4743000 | 4743000 | 1442261 | 3300739 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 270050 | 3094068 | 3364118 | 3255574 | 108544 |
| | ജില്ലാ പഞ്ചായത്ത് | - | 2335787 | 2335787 | 2122500 | 213287 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | - | 31971800 | 31971800 | 31971800 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6238421 | 10418999 | 16657420 | 12860400 | 4435020 |
| | ട്രഷറി അക്കൗണ്ട് | 105659 | 8638060 | 8743719 | 6944543 | 1799176 |

കുറിപ്പ്:-

1) 2018-19 ൽ സർക്കാരിലേയ്ക്ക് ട്രഷറി അക്കൗണ്ടിൽ നിന്ന് തിരികെ ഈടാക്കിയ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹949950/- 07.04.2018 ൽ തിരികെ ലഭിച്ചത് തൻവർഷ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന ബ്ലോക്ക് വിഹിതത്തിന്റെ പലിശയിനത്തിൽ ലഭ്യമായ ₹13688/- തൻവർഷ വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2) തൊഴിലുറപ്പ് പദ്ധതിയുടെ മുൻവർഷത്തെ നീക്കിയിരിപ്പ് യഥാർത്ഥത്തിൽ ₹66000/- ആയിരുന്നത് ₹33523/- എന്നാണ് വാർഷിക കണക്കിൽ ചേർത്തിരിക്കുന്നത്. വ്യത്യാസം വരവിൽ ചേർത്ത് അപാകത പരിഹരിച്ചിരിക്കുന്നു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 151723344 | 172 | 81986081 | ഇല്ല | 44 | 79.6 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 33523 | 808589 | 842112 | 825109 | 17003 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 29752556 | 29752556 | 29752556 | - |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 53400 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 930200 | 63 |
| വിധവാപെൻഷൻ | 7518300 | 629 |
| വാർദ്ധക്യകാലപെൻഷൻ | 20200100 | 1669 |
| വികലാംഗപെൻഷൻ | 2774900 | 223 |
| 50വയസ്സിനുമുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 399300 | 34 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90,000 | 3 |

### 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.07.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3906/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല. സ്ഥാപനത്തിന്റെ കമ്പ്യൂട്ടറുകൾ അടക്കമുള്ള ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ തന്നെ സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറൽ നടത്തിവരുന്നില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട് ഐ.കെ.എം തയ്യാറാക്കി നൽകിയിരിക്കുന്ന സഞ്ചയ സോഫ്റ്റ് വെയറിൻമേൽ പഞ്ചായത്തിന് പൂർണ്ണമായ നിയന്ത്രണം ഇല്ല. ആയതിനാൽ തന്നെ പഞ്ചായത്തിന്റെ വാർഷിക കണക്കും സഞ്ചയ പ്രകാരമുള്ള കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇതുസംബന്ധിച്ച മാന്വൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ലാത്തതിനാൽ വ്യക്തമായ വിശദീകരണം നൽകാൻ പഞ്ചായത്തിന് സാധിക്കുന്നുമില്ല. പഞ്ചായത്തിന്റെ യതാർഥ വരവ് -ചെലവുകളേക്കാൾ വളരെ ഉയർന്ന തുകയാണ് പഞ്ചായത്തിന്റെ ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകൾ. ആയതിൽ നിന്നും യാതാർഥ്യവുമായി യാതൊരു പൊരുത്തവുമില്ലാത്ത ബജറ്റ് ആണ് പഞ്ചായത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടുന്നത് . ഉയർന്ന വരവും ചെലവും ഉൾപ്പെടുന്നതിനാൽ ബജറ്റിൽ അധികമായി ചെലവ് ചെയ്തു എന്നു പറയാൻ സാധിക്കില്ല എന്നാൽ ബജറ്റിന് അനുസൃതമായി വരവ് വരുന്നില്ല എന്ന് കാണുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലിവിഭജനങ്ങൾ കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട്

ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ എൻക്വയറി രജിസ്റ്റർ, സന്ദർശക രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് ബസ് സ്റ്റാന്റിൽ വാഹനം കയറി ഇറങ്ങുന്നതിന് ഫീസ് ഈടാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. പഞ്ചായത്ത് നടത്തുന്ന വിവിധ ടെണ്ടറുകളുടെ ടെണ്ടർ ഫോമുകൾ വിതരണം നടത്തുമ്പോൾ മതിയായ വിവരം ഉൾപ്പെടുന്നില്ല. കെ.എസ്.ഇ.ബി പോലുള്ള നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി നൽകിയിട്ടും പദ്ധതികൾ യഥാവിധി പൂർത്തീകരിക്കുന്നതിനോ വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുന്നതിനോ സാധിക്കുന്നില്ല. മുൻവർഷങ്ങളിൽ ഇത്തരത്തിൽ നൽകിയ തുകകളുടെയും വിനിയോഗസാക്ഷ്യപത്രം ലഭിക്കാനുള്ളതായി കാണുന്നു. പഞ്ചായത്തിന് ഇക്കാര്യങ്ങളിൽ യാതൊരു നിയന്ത്രണമോ മോണിട്ടറിംഗോ ഉള്ളതായി കാണുന്നില്ല. തനത് ഫണ്ട്, ജനറൽപർപ്പസ് ഇനങ്ങളിൽ ലഭിച്ചതിൽ എത്ര രൂപ ബാങ്കിൽ അക്കൗണ്ടിൽ അവശേഷിക്കുന്നു എന്നത് സംബന്ധിച്ച് യാതൊരു രേഖയും പഞ്ചായത്തിൽ ലഭ്യമല്ല. സാമ്പത്തികകാര്യങ്ങളിൽ പഞ്ചായത്തിനുള്ള നിയന്ത്രണമില്ലായ്മയാണ് ഇതു സൂചിപ്പിക്കുന്നത്.

### 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.5.19 മുതൽ 22.05.19വരെ | 5/19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.09.2009 | 2007-08 മുതൽ 2008-09 വരെ | 09.11.2009 |

### 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വരവ്, കുടിശ്ശിക തുകകളുമായി വാർഷിക കണക്കുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

2. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

3. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ വാർഷികകണക്കുകളിലെ ആസ്തികളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

4. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക കണക്കാക്കിയതിനുള്ള വർക്ക്ഷീറ്റ് ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

5. തൊഴിലുറപ്പ് പദ്ധതിയുടെ മുന്നിരിപ്പ് വരവ്-ചെലവ് നീക്കിയിരിപ്പ് തുകകൾ യഥാർത്ഥ കണക്കിൽ നിന്നും വ്യത്യസ്തമായാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദാംശം ചുവടെ.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|

| | യഥാർത്ഥം | വാർഷിക കണക്ക് | യഥാർത്ഥം | വാർഷിക കണക്ക് | യഥാർത്ഥം | വാർഷിക കണക്ക് | യഥാർത്ഥം | വാർഷിക കണക്ക് |
|---|---|---|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 66000 | 33523 | 776112 | 778365 | 825109 | 795885 | 17003 | 16003 |
| തൊഴിലാളികളുടെ കൂലി | - | - | 29752556 | 29766520 | 29752556 | 29766520 | - | - |

7.ദുരിതാശ്വാസ നിധിയിലെ രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ ചെലവ് ₹315460/- ആണ്. എന്നാൽ വാർഷിക കണക്കിൽ ₹323926/- എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

## ഭാഗം -2
## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു

1. 2018-19 ൽ വസ്തു നികുതിയിനത്തിൽ ₹268,669/- പിരിഞ്ഞു കിട്ടാനവശേഷിക്കുന്നു. ടി തുക അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സാംഖ്യ-സഞ്ചയ വസ്തു നികുതി കണക്കുകളിലെ വ്യത്യാസം താഴെ സൂചിപ്പിയ്ക്കുന്നു.

| വസ്തു നികുതി | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | സാംഖ്യ | സഞ്ചയ | സാംഖ്യ | സഞ്ചയ | സാംഖ്യ | സഞ്ചയ |
| പാർപ്പിടാവശ്യം (തൻ വർഷം) | 1118430 | 1118430 | 1010700 | 1031973 | 107730 | 35796 |
| പാർപ്പിടാവശ്യം (കുടിശ്ശിക) | 209933 | 209933 | 190365 | 190365 | 19568 | 23029 |
| പാർപ്പിടേതരാവശ്യം (തൻവർഷം) | 970859 | 970859 | 899667 | 899667 | 71192 | 51809 |
| പാർപ്പിടേതരാവശ്യം (കുടിശ്ശിക) | 326479 | 325907 | 256300 | 256300 | 70179 | 69607 |

### 2-2 തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച്.

പഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2-ാം അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| രജിസ്റ്റർ ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 55 | എടാട് പോസ്റ്റ് ഓഫീസ് |
| 72 | ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് |
| 94 | ജലനിധി |

തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 കെട്ടിട വാടക ഈടാക്കുന്നതിലെ അപാകതകൾസംബന്ധിച്ച്

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. കമ്മ്യൂണിറ്റി ഹാൾ വാടകയിനത്തിൽ വാർഷിക കണക്ക് പ്രകാരം ₹47000/- തൻ വർഷം വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച വാടകക്കാരുടെ അപേക്ഷകളോ കൃത്യമായ രജിസ്റ്ററുകളോ സൂക്ഷിക്കുന്നില്ല. ഹാൾ വാടകയ്ക്കായി നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷകൾ സ്വീകരിക്കണമെന്ന കമ്മിറ്റി തീരുമാനം പഞ്ചായത്തിൽ നടപ്പിലാക്കുന്നില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

2. ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പകൽവീടിനായി, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 12/47 നമ്പർ കെട്ടിടം പ്രതിമാസം ₹11006/- നിരക്കിൽ വാടകയ്ക്ക് നല്കിയിട്ടുള്ളതാണ്. എന്നാൽ ഒക്ടോബർ 2018 വരെയാണ് വാടക ഒടുക്കിയിട്ടുള്ളത്. ഫണ്ട് ലഭ്യമല്ലാത്തതിനാൽ വാടക ഒഴിവാക്കിക്കൊടുക്കണം എന്ന 03/12/2018ലെ ജില്ലാ പ്രോഗ്രാം ഓഫീസറുടെ അഭ്യർത്ഥന പ്രകാരം 29-03-2019 ലെ പഞ്ചായത്ത് കമ്മിറ്റി, സർക്കാർ അനുമതി വാങ്ങി വാടക ഒഴിവാക്കി നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ 12-07-2019ന് തുടർനടപടികൾക്കായി ഡിഡിപി ഓഫീസിലേയ്ക്ക് അയച്ചിരിക്കുന്നു. വാടക ഒഴിവാക്കിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിനും തുടർനടപടികൾ വീക്ഷിക്കുന്നതിനുമായി ഭരണവകുപ്പിനെ ചുമതലപ്പെടുത്തുന്നു.

## 2-4 ഡി & ഒ ലൈസൻസ് , കുറഞ്ഞ ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചിരിക്കുന്നു

ശ്രീമതി വിനീത, പിണക്കാട്ട് ഹൗസ്, മൂലമറ്റം എന്ന വ്യക്തിക്ക് XII/604 നം കെട്ടിടത്തിൽ പെട്രോൾ പമ്പ് നടത്തുന്നതിന് B2-1433/18,26.06.18പ്രകാരം ലൈസൻസ് അനുവദിച്ചു നൽകിയിട്ടുണ്ട്. 2000/- രൂപയാണ് ടിയാളിൽ നിന്ന് ലൈസൻസ് ഫീസായി ഈടാക്കിയിട്ടുള്ളത്. എന്നാൽ I/104 കെട്ടിടത്തിൽ പെട്രോൾ പമ്പ് നടത്തുന്ന ശ്രീ ജോയി തോമസ് , തോട്ടുങ്കൽ എന്ന വ്യക്തിക്ക് 5000/- രൂപ ഫീസ് നിശ്ചയിച്ച് B4-6387/18(175), 28/01/19 ൽ ലൈസൻസ് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച അന്വേഷണകുറിപ്പിന് (1) മുൻവർഷം അനുവദിച്ച പഴയ ഫീസ് നിരക്ക് പ്രകാരമാണ് ₹2000/- ഫീസ് നിശ്ചയിച്ചത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. പുതുക്കിയ സ്ലാബ് പ്രകാരമുള്ള ഫീസ് ആയ ₹5000/- ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (GO(P)No.80/2017/ LSGD, dt.TVPM 31.10.2017 പ്രകാരം പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് 31.10.2017 മുതൽ ഈടാക്കേണ്ടതാണ്.)

എല്ലാ ലൈസൻസ് അപേക്ഷയോടൊപ്പവും ആവശ്യം വേണ്ട കാര്യങ്ങൾ എല്ലാം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് സെക്ഷൻ ഉറപ്പാക്കേണ്ടതാണ്. ദിവസേനയുള്ള വിറ്റുവരവോ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സത്യവാങ്മൂലമോ പല ലൈസൻസ് അപേക്ഷകളോടൊപ്പം കാണുന്നില്ല. മാത്രമല്ല ലൈസൻസ് അപേക്ഷകൾ എല്ലാം തന്നെ സമയപരിധിക്കുള്ളിൽ ലഭിക്കുന്നുണ്ട് എന്നും ഉറപ്പു വരുത്തേണ്ടതാണ്. 2018-19ൽ 185 സ്ഥാപനങ്ങൾ മാത്രമാണ്

ലൈസൻസോടെ പ്രവർത്തിക്കുന്നത്. പാർപ്പിടേതര കെട്ടിടങ്ങൾ എന്ന ശീർഷകത്തിൽ 830 കെട്ടിടങ്ങൾ പഞ്ചായത്തിൽ വസ്തുനികതി അടവാക്കുമ്പോൾ കേവലം 22% സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പാർപ്പിടേതര കെട്ടിടങ്ങൾ സംബന്ധിച്ച് പരിശോധന നടത്തേണ്ടതും ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കുമേൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ദീർഘവീക്ഷണമില്ലാതെ പദ്ധതികൾ നടപ്പാക്കിയതു സംബന്ധിച്ച്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖകൾ പ്രകാരം യുവജന ക്ലബ്ബ് ടീമുകളിൽ നിന്നും ടീം രൂപീകരണവും കോച്ചിംഗ് ക്യാമ്പും നടത്തുക, ഉപകരണങ്ങൾ വാങ്ങി നൽകുക, കോച്ചിംഗ് ക്യാമ്പിനുള്ള ധനസഹായം നൽകുക തുടങ്ങിയവയ്ക്കാണ് അനുമതിയുള്ളത്. എന്നാൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 95/18-19 പ്രകാരം സ്കൂൾ കുട്ടികൾക്ക് ഫുട്ബോൾ പരിശീലനത്തിന് സാധനസാമഗ്രികൾ വാങ്ങിയതിന് ₹61800/-ഉം പ്രോജക്ട് നം 200/18-19 പ്രകാരം കോച്ചിംഗ് ക്യാമ്പ് നടത്തിയതിന് ₹60000/- ഉം നൽകിയിരിക്കുന്നു.

സർക്കാർ ഉത്തരവ് (എം.എസ്)22/2018 ത.സ്വ.ഭ.വ തിയ്യതി.22,02,2018 അനുസരിച്ച് പഞ്ചായത്തിനുള്ള കായിക പരിശീലന പ്രൊജക്ടുകൾ ഏറ്റെടുക്കുകയാണെങ്കിൽ ആയവ സംസ്ഥാന, ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ സഹായത്തോടെ ശാസ്ത്രീയ പരിശീലന പരിപാടികളാണ് സംഘടിപ്പിക്കേണ്ടത്. കോച്ചിംഗ് ക്യാമ്പുകൾ നടത്തി യുവജനക്ലബ്ബ് ടീമുകളിൽ നിന്നും ടീം രൂപീകരണവും മൽസരങ്ങളും നടത്തി കായിക വികസനം സാധ്യമാക്കുകയാണ് ചെയ്യേണ്ടത്. മാത്രമല്ല തുടർച്ചയായ പരിശീലന പരിപാടി ആണ് നടപ്പാക്കേണ്ടത്. ഇതിന് പകരം വർഷത്തിൽ ഒരുമാസം മാത്രം ഒതുങ്ങുന്ന ഫുട്ബോൾ പരിശീലന പരിപാടിയാണ് വർഷങ്ങളായി ഏറ്റെടുത്ത് നടത്തുന്നത്. കൂടാതെ ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിലുകളുടെ സഹായ-സഹകരണങ്ങൾ തേടുന്നില്ല. ഭാവിയിൽ ഇത്തരം കായിക പരിശീലന പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ ഇത്തരം അപാകതകൾ ഒഴിവാക്കി സംസ്ഥാന, ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ സഹായത്തോടെ ശാസ്ത്രീയ പരിശീലന പരിപാടികളായി സംഘടിപ്പിക്കേണ്ടതാണ്. കായിക പരിശീലനം ഫുട്ബോളിൽ മാത്രം ഒതുക്കി നിർത്താതെ മറ്റു ഇനങ്ങൾക്കും പ്രോൽസാഹനം നല്കി സമഗ്ര കായിക വികസനം സാധ്യമാക്കുവാനുള്ള പദ്ധതികൾ നടപ്പാക്കുവാനും ശ്രമിക്കേണ്ടതാണ്.

### 3-2 ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ചില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾ നാളിതുവരെ പൂർത്തീകരിച്ചില്ല.

1. അശോക കംഫർട്ട് സ്റ്റേഷൻ കുഴൽ കിണർ നിർമ്മാണം

| പ്രോജക്ട് നം | ബിൽ നം,തീയതി, തുക | നിർവ്വഹണ ഏജൻസി |
|---|---|---|

| | | |
|---|---|---|
| 1)അശോക കംഫർട്ട് സ്റ്റേഷൻ കുഴൽ കിണർ നിർമ്മാണം 52/19 | 30/19 തീ.19/02/19 ₹43430/ | ഭൂജല വകുപ്പ് |
| 2)സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 191/18 | 8/19 തീ.18.07.18 ₹554272/- | കേരള വൈദ്യുതി ബോർഡ് ലിമിറ്റഡ് |

മേൽ പദ്ധതികൽ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഈ ഇനത്തിലെ ₹597702/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-3 ഹോമിയോ, ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ - പണം നൽകിയിട്ടും മരുന്ന് ലഭ്യമായില്ല.

ഹോമിയോ, ആയുർവ്വേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ പദ്ധതികൾക്കായി നിർവ്വഹണ ഏജൻസികളിൽ തുക ഒടുക്കിയെങ്കിലും, മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ആശുപത്രി , കരുതിക്കളം |
|---|---|---|
| പദ്ധതി നം | 22/2019 | 24/2019 |
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി അടങ്കൽ | ₹ 250000/- | ₹ 200000/- |
| ബിൽ നം / തീയതി / തുക | 1/2018-19/31.07.2018/ ₹ 250000/- | 1/2018-19/27.9.2018/ ₹ 200000/- |
| **മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്ന തുക** | **₹135630/-** | **₹17275/-** |

മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-4 കുടുംബശ്രീ -ആശ്രയ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു

അഗതി കുടുംബങ്ങളുടെ ക്ഷേമത്തിനായി രൂപീകരിച്ച ആശ്രയ പദ്ധതിയുടെ അക്കൗണ്ടിൽ (A/c No. 3152802169, സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ,അറക്കുളം) ചെലവഴിക്കാത്തതായി താഴെ സൂചിപ്പിക്കും പ്രകാരം തുക അവശേഷിക്കുന്നു.

| | |
|---|---|
| പ്ലാൻ ഫണ്ട് | ₹798273.60 |
| ചലഞ്ച് ഫണ്ട് | ₹149455.00 |

| | |
|---|---|
| പലിശ | ₹358614.00 |
| ആകെ | ₹1306342.60 |

സമൂഹത്തിലെ അശരണരും അഗതികളുമായവരുടെ ക്ഷേമത്തിന് ഉതകുന്ന പദ്ധതികൾ കണ്ടെത്തി ടി സഹായം ആവശ്യക്കാരിൽ എത്തിച്ച് അവരുടെ ഉന്നമനത്തിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനു പഞ്ചായത്ത് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 ലൈഫ് പദ്ധതി

ലൈഫ് പദ്ധതിയിൽ 108 പേർ കരാർ ചമച്ച് ഭവന നിർമ്മാണം ആരംഭിച്ചു. വിഇഒ നിർവ്വഹണ ഉദ്യോഗസ്ഥയായ ഈ പദ്ധതിയിലൂടെ ധനസഹായമനുവദിച്ചതിന്റെ പൂർത്തീകരണ വിവരം ചുവടെ ചേർക്കുന്നു.

| വിഭാഗം | കരാർ ചമച്ചവർ | പൂർത്തിയാക്കിയവർ | പൂർത്തിയാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| പൊതുവിഭാഗം | 70 | 24 | 46 |
| പട്ടികജാതി | 11 | 2 | 49 |
| പട്ടികവർഗ്ഗം | 27 | 4 | 23 |

പദ്ധതിക്ക് വേണ്ടി തൻവർഷം ലഭിച്ചതും ചെലവഴിച്ചതുമായ വിവിധ ഫണ്ടിനങ്ങളുടെ വിഭാഗം തിരിച്ചുള്ള വിശദാംശം.

| ഇനം | | വികസന ഫണ്ട് ₹ | ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹ | ജില്ലാപഞ്ചായത്ത് വിഹിതം ₹ |
|---|---|---|---|---|
| പൊതു വിഭാഗം | വകയിരുത്തിയത് | 5200000 | 1859772 | 1320552 |
| | ചെലവഴിച്ചത് | 5200000 | 1859772 | 1320000 |
| പട്ടിക ജാതി വിഭാഗം | വകയിരുത്തിയത് | 1200000 | 166600 | 0 |
| | ചെലവഴിച്ചത് | 1200000 | 166000 | 0 |
| പട്ടിക വർഗ്ഗ വിഭാഗം | വകയിരുത്തിയത് | 1600000 | 83300 | 0 |
| | ചെലവഴിച്ചത് | 1600000 | 80000 | 0 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-6 ക്വട്ടേഷൻ ഇല്ലാതെ വാഹന റിപ്പയറിംഗ് നടത്തിയത്

ജി.ഒ എം.എസ് 170/07 ത.സ്വ.ഭ.വ തി 30-6-2007 പ്രകാരം ₹10000/-രൂപയ്ക്കുമേൽ ചെലവ് വരുന്ന വാഹനത്തിന്റെ അറ്റകുറ്റപ്പണിയുൾപ്പെടുന്ന എല്ലാ സംഗതികളിലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ കമ്മിറ്റിയുടെ/കൗൺസിലിന്റെ അംഗീകാരത്തിനു വിധേയമായി മത്സരസ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 38-9998, എന്ന നമ്പറിലുള്ള ആംബുലൻസ് ക്വട്ടേഷൻ ക്ഷണിക്കാതെ റിപ്പയറിംഗ് നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച എൻക്വയറി 6ന് മറുപടി

ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട്, നം | പി.എച്ച്.സി, ആംബുലൻസ് അറ്റകുറ്റപണി, 227/18-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ചെക്ക് നം, തുക, തീയതി | 308369/ 5.2.19/ ₹ 14950 |

ക്വട്ടേഷൻ ക്ഷണിക്കാതെ റിപ്പയറിംഗ് നടത്തിയതിനാൽ ചെലവു തുക ₹14950/- തടസ്സത്തിൽ വയ്ക്കുന്നു. ഗവ അംഗീകൃത വർക്ക് ഷോപ്പിലെ മെക്കാനിക്കിന്റെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തോട് കൂടി വാഹന അറ്റകുറ്റ പണികൾ നിയമാനുസൃതമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-7 ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്ന് നേരിട്ടു വാങ്ങലുകൾ നടത്തിയതു സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് , നം | എസ്.ടി വിദ്യാർത്ഥികൾക്ക് മേശ & കസേര,<br>S0089/18-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| ബിൽ നം, തുക, തീയതി | 10/18-19, 99993, 28/2/19<br>11/18-19, 79995, 28/2/19 |

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം S0089/18-19 പദ്ധതി പ്രകാരം പഞ്ചായത്തിലെ എൽ.പി / യു.പി സ്കൂളുകളിൽ പഠിക്കുന്ന എസ്.ടി വിദ്യാർത്ഥികൾക്ക് മേശ & കസേരകൾ വാങ്ങിയതിന് ₹179988/- ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ മുഖേന നടപ്പാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്ന് നേരിട്ടു വാങ്ങലുകൾ നടത്തിയിരിക്കുന്നു. 36 വിദ്യാർത്ഥികൾക്ക് മേശ & കസേര വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ തന്നെ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-8 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം -കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത്

പ്രവൃത്തികളിൽ നിന്നായി നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയതിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കാത്തത് മൂലം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. കളക്ഷൻ ചാർജ്ജ് ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് .

### 3-9 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

സ്ഥാപനം തൻവർഷം നടത്തിയ വിവിധ വാങ്ങലുകൾ കണ്ടിജന്റ് രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവയുടെ വിതരണ വിവരങ്ങളോ വിശദാംശങ്ങളോ ചേർത്തിട്ടില്ല. വെള്ളക്കരം, കറന്റ് ചാർജ്ജ്, ടെലഫോൺ ചാർജ്ജ് മുതലായ ഗ്രാമപഞ്ചായത്തിലെ നിരന്തര ചെലവുകൾക്കൊന്നും രജിസ്റ്റർ സൂക്ഷിക്കുന്നില്ല. നിരന്തര ചെലവുകൾ പ്രത്യേക രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

തനതു ഫണ്ടുപയോഗിച്ച് നടത്തിയ വാങ്ങലുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഫർണിച്ചർ, രജിസ്റ്ററുകളും ഫോമുകളും, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, പൈപ്പുകൾ, പുസ്തകങ്ങൾ, സ്റ്റേഷനറി മുതലായ വാങ്ങലുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് അവയുടെ വിതരണ വിവരങ്ങളും, വിതരണ ബാക്കിയും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അറ്റകുറ്റ പണികൾ നടത്തുന്ന ഇനങ്ങളുടെ വിവരം റിപ്പയർ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്. കംപ്യൂട്ടർ, പ്രിന്റർ മറ്റിതര ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയുടെ എ.എം.സി, അറ്റകുറ്റ പണി തുടങ്ങിയ വിവരങ്ങളൊന്നും ചേർക്കുന്നില്ല. നിലവിൽ പഞ്ചായത്തു വാഹനത്തിന് മാത്രം റിപ്പയർ, ഇന്ധന രജിസ്റ്റർ സൂക്ഷിച്ചു വരുന്നു. സ്ഥാപനം നടത്തുന്ന വിവിധ വാങ്ങലുകൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും വിതരണ വിവരങ്ങൾ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്.

### 3-10 ആർജ്ജിതാവധി പുനഃക്രമീകരിക്കാത്തതു സംബന്ധിച്ച്

27-02-2007ലെ സർക്കാർ ഉത്തരവു നം. 75/07/ധന പ്രകാരം മൂന്ന് വർഷത്തെ സേവനം പൂർത്തീകരിക്കുന്ന ജീവനക്കാരുടെ ആദ്യ വർഷത്തെ ആർജ്ജിതാവധി 1/11 എന്ന നിരക്കിൽ ക്രമീകരിക്കേണ്ടതാണ്. ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിൽ ആർജ്ജിതാവധി ക്രമീകരിക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും ഉദ്യോഗപേരും | സേവനത്തിൽ പ്രവേശിച്ച തീയതി |
|---|---|---|
| 1. | സ്മിതാമോൾ കെ.ജി.,അക്കൗണ്ടന്റ് | 21-03-2006 |
| 2 | സൂരജ് ചന്ദ്രൻ, സീ.ക്ലാർക്ക് | 05-04-2006 |
| 3 | പി.എം.പാത്തുമ്മ. സീ.ക്ലാർക്ക് | 04-11-2006 |
| 4 | സതീഷ് കെ.നാരായണൻ, ഡ്രൈവർ | 07-09-2015 |
| 5 | ആശാമോൾ ബി, ഒ.എ. | 06-02-1012 |
| 6 | ബിന്ദു കൃഷ്ണൻകുട്ടി, എഫ്.റ്റി.എസ് | 09-02-2010 |

ജീവനക്കാരുടെ ആർജ്ജിതാവധി പുനഃക്രമീകരിച്ച് അവധി കണക്ക് കൃത്യമാക്കേണ്ടതാണ്.

### 3-11 വെള്ളക്കരം, കറന്റ് ചാർജ്ജ് - സംയുക്ത പരിശോധന നടത്തിയില്ല-

വെള്ളക്കരമിനത്തിൽ 43750/-രൂപയും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 46286/-രൂപയും (41510+4776) പ്രതിമാസം അടച്ചു വരുന്നു. തെരുവു വിളക്കുകളുടേയും തെരുവു ടാപ്പുകളുടേയും പ്രവർത്തന ക്ഷമത സംബന്ധിച്ച് സംയുക്ത പരിശോധന പഞ്ചായത്ത് നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖ:3-11,3-12) പരാമർശിച്ചിരുന്നെങ്കിലും ഫലപ്രദമായ പരിഹാര നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

തെരുവു ടാപ്പുകളുടെ സംയുക്ത പരിശോധന ആവശ്യപ്പെട്ട് പഞ്ചായത്തു സെക്രട്ടറി വാട്ടർ അതോറിറ്റിക്കു എ4-254/18 /16-07-2018 നമ്പരായി കത്തു നല്കിയെങ്കിലും നാളിതുവരെ പ്രതികരണമൊന്നുമുണ്ടായിട്ടില്ല. കറന്റ് ചാർജ്ജ് സംബന്ധിച്ച ഫയലിൽ തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന സംബന്ധിച്ച് മൂലമറ്റം KSEB അസി.എക്സി.എഞ്ചിനിയർക്ക് 17/2/18, 12/4/18, 9/5/18, 22/9/18, 12/6/19 തീയതികളിൽ എ4-446-18 നമ്പരായി സെക്രട്ടറി കത്ത് നല്കിയതായി കാണുന്നുണ്ടെങ്കിലും KSEBയിൽ നിന്നും പ്രതികരണമൊന്നും ലഭിച്ചതായി കാണുന്നില്ല. തെരുവു ടാപ്പുകളുടേയും തെരുവു വിളക്കുകളുടേയും പ്രവർത്തനം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അധികാരികളും ജനപ്രതിനിധികളും സംയുക്തമായി ചേർന്ന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

### 3-12 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വൻ തുക ചെലവാകാതെ അവശേഷിക്കുന്നു.

അസി. എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ മൂലമറ്റം ശാഖയിലുള്ള 67052297968 നമ്പർ എസ് ബി അക്കൗണ്ടിൽ 31-03-19 ലെ നീക്കിയിരിപ്പ് ₹1014596/-ഉം 03.07.2019ലെ നീക്കിയിരിപ്പ് ₹862317/-ഉം ആണ്. ഈ തുകയിൽ സർക്കാരിലേയ്ക്കോ ഇതര സ്ഥാപനങ്ങളിലേയ്ക്കോ ഒടുക്കുവാൻ ഏതെങ്കിലും തുക അവശേഷിക്കുന്നുവെങ്കിൽ ആയവ ഒടുക്കി ശേഷിക്കുന്ന തുക പഞ്ചായത്തിലേയ്ക്ക് ഒടുക്കേണ്ടതാണ്.

### 3-13 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ

1. പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കുന്ന വിവിധ റോഡ് പ്രവൃത്തികളിൽ റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തുന്ന പതിവില്ല. ഇക്കാരണത്താൽ പഞ്ചായത്ത് തന്നെയും, തൊഴിലുറപ്പിലൂടെയും നിർവഹിക്കപ്പെടുന്ന ഒരേ പേരിലുള്ള വിവിധ പ്രവൃത്തികൾ പലപ്പോഴും തിരിച്ചറിയാൻ കഴിയാത്ത സാഹചര്യമാണുള്ളത് . ഭാവിയിൽ റോഡുകളുടെ ചെയിനേജ് നിർബന്ധമായും രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. കെട്ടിടനിർമ്മാണപ്രവൃത്തികൾ പൂർണ്ണമായ രൂപരേഖ കൂടാതെ ഏറ്റെടുക്കുന്നതിനാൽ (ഓരോ വർഷവും ലഭ്യമായ തുകയ്ക്ക് മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുന്നു.) പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു.

3. പ്രവൃത്തികൾ പലപ്പോഴും ആരംഭിക്കുന്നത് പോലും സ്പിൽ ഓവറായാണ്. എന്നാൽ ഇങ്ങനെയുള്ള പ്രവൃത്തികളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുന്നില്ല .

4. മരാമത്ത് പ്രവത്തികളുടെ നിർവഹണത്തിനായി ഉപയോഗിക്കുന്ന അളവ് പുസ്തകങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഈ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

### 3-14 തൊഴിലുറപ്പ് പദ്ധതി അവലോകനം

ഭൗതിക വിശകലനം

| ആകെയുള്ള തൊഴിൽ കാർഡുകൾ | ആകെ തൊഴിൽ ചെയ്ത കുടുംബങ്ങൾ | ആകെ നിർവ്വഹിച്ച പ്രവൃത്തികളുടെ എണ്ണം | അകെ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | എസ്. സി തൊഴിൽ ദിനങ്ങൾ | എസ്. റ്റി തൊഴിൽ ദിനങ്ങൾ | 100 ൽ കൂടുതൽ തൊഴിൽ ദിവസങ്ങൾ ലഭിച്ചവർ |
|---|---|---|---|---|---|---|
| 88515 | 1218 | 257 | 88515 | 4751 | 34074 | 367 |

സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങളുടെയും നിർവ്വഹിച്ച പദ്ധതികളുടെയും അടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതി നിർവഹണം പഞ്ചായത്തിൽ കാര്യക്ഷമമായിരുന്നു എന്ന് വിലയിരുത്തുന്നു. വരവ്-ചെലവ് നീക്കിയിരുപ്പുകൾ മാസാന്ത്യം, വർഷാന്ത്യം കണക്കാക്കി റീ കൺസിലിയേഷൻ നടത്തി സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | ബാക്കി | പ്രൊജക്റ്റിന്റെ പേര് |
|---|---|---|---|---|
| ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1859772<br>166600<br>83300 | 0<br>6600<br>3300 | ലൈഫ് ജനറൽ<br>ലൈഫ് എസ്.സി<br>ലൈഫ് എസ്.റ്റി |
| ഇടുക്കിബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 20758 | 0 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 42500 | 0 | നെൽകൃഷിക്ക് കൂലി ചെലവ് |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 205000 | 205000 | സ്കോളർഷിപ്പ് |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 1320252 | 252 | ലൈഫ് ജനറൽ |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 768035 | 8035 | ലൈഫ് എസ്.റ്റി |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്, ഇ.ബി | സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ, 199/19 | 21801201/18.02.18 | 544328 | 0 | 544328 |
| ജലവിഭവ വകുപ്പ് | അശോക കംഫർട്ട് സ്റ്റേഷന് ബോർവെൽ, മോട്ടോർ, പ്ലംബിങ്ങ് വർക്ക് , 52/19 | 21801311/31.01.19 | 43430 | 0 | 43430 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | മുൻബാക്കി | 2018-19 വായ്പ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ്.ലോൺതിരിച്ചടവ് | 554272 | 0 | 554272 | 554272 | 0 |
| ജവഹർ | 14600000 | 2000000 | 16600000 | 2100000 | 14500000 |

| | | | | | |
|---|---|---|---|---|---|
| ലൈഫ് (ഹഡ്കോ) | 0 | 9060000 | 9060000 | 0 | 9060000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 805255 |
| തൻവർഷം നിക്ഷേപിച്ച തുക | 7210 |
| ആകെ | 812465 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 812465 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

13.06.2018 ൽ നിക്ഷേപം പിൻവലിച്ചു

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 36630/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1997-98 | ഖ -31 | 36630/- | പി.ജി. പ്രഭാവതിയമ്മ | 118020400006/16.7.18 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രത്യേക ഓഡിറ്റ് | | 2012-13 | 2-4 | ലഘു അവലോകനം, റിപ്പോർട്ടുകൾ | ലഭ്യമല്ല |
| പ്രത്യേക ഓഡിറ്റ് | | 2013-14 | 5-2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും | ലഭ്യമല്ല |

## 4-8 ചാർജ്ജ് ,സർചാർജ്ജ്

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

ഇല്ല

ബി)സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | കോടതി വ്യവഹാരങ്ങളിൽ | | | | |

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 32 | എം. എസ്. അന്നക്കുട്ടി, സെക്രട്ടറി | LF-28318/Spl. Cell/SC2/99 dt.16.1.2002 | 2219 | 2219/- നം..330/ 61030/ 31.3.2000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | |
| 2 | 1996-97 | 34 | ജയ്സമ്മ ജോസുകുട്ടി, പ്രസിഡന്റ് | LF-28318/Spl. Cell/SC2/99 dt.16.1.2002 | 6000 | 6000/- 27/10380/ 3.11.2001 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | |
| 3 | 2001-02 | 2-7 | തോമസ് ജേക്കബ്, അസി. എന്ജിനീയർ | LF-14471/Spl. Cell/SC2/05 dt.16.12.06 | 1536 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1536 | |
| 4 | 2003-04 | 3-5(1) | ഷാജി എം.എസ്, അസി. എൻജിനീയർ | LF-2497/Spl. Cell/SC2/08 dt.5.5.2010 | 8378 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8378 | |
| 5 | 2003-04 | 3-5(2) | ഷാജി എം.എസ്, അസി. എൻജിനീയർ | LF-1975/Spl. Cell/SC2/08 dt.5.5.2010 | 6502 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6502 | |
| 6 | 2008-09 | 2.6 | പി. എം. ജോണി, സെക്രട്ടറി | LF-1975/Spl. Cell/SC2/13 dt.10.3.15 | 38841 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 38841 | |
| 7 | 2013-14 | 3.1 | സജി തോമസ്, സെക്രട്ടറി | LF-1896/Spl. Cell/SC2/ 2016(1) dt.31.3.18 | 550000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 550000 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 8 | 2013-14 | 3.2 | സജി തോമസ്, സെക്രട്ടറി | LF-1896/Spl. Cell/SC2/ 2016(2) dt.31.3.18 | 210000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 210000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 113591653 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 109503943 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹612652 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| -ഇല്ല- | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 597702 | തുളസീധരൻ പിള്ള പി എസ്, സെക്രട്ടറി |
| 3-6 | 14950 | ഡോ.കെ.സി.ചാക്കോ മെഡിക്കൽ ഓഫീസർ, പി. എച്ച് സി |

**(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| | |
|---|---|
| ഖണ്ഡിക നമ്പർ | 3-8 |

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| തുളസീധരൻപിള്ള പി എസ് സെക്രട്ടറി | വിരമിച്ചു. | പുഷ്പാലയം തൊടുപുഴ |
| ഡോ.കെ.സി.ചാക്കോ ,<br>മെഡിക്കൽ ഓഫീസർ പി. എച്ച് സി | മെഡിക്കൽ ഓഫീസർ<br>മുട്ടം, പി.എച്ച്.സി | കുന്നേൽ ഹൗസ്,<br>മുട്ടം പി.ഓ, തൊടുപുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1996-1997 | എൽ.എഫ്.ഐ.9/285/98/ 16.10.98/<br>30.11.98 | 21 | 29 മുതൽ 49 വരെ |
| 1997-1998 | എൽ.എഫ്.ഐ.9/416/99/ 19.02.2000 | 16 | 1, 9, 12, 13, 14, 20, 21, 23,<br>26(1, 2), 27,<br>29മുതൽ 32 വരെ, 34, 37 |
| 1998-1999 | എൽ.എഫ്.ഐ.9/293/2000/ 17.10.2000 | 19 | 12, 13, 14,<br>20 മുതൽ 26വരെ,<br>30, 32, 33, 35, 39,<br>40,41, 42, 44 |
| 1999-2000 | എൽ.എഫ്.ഐ.9/94/02/ 26.08.2002 | 18 | 9, 21 മുതൽ 37 വരെ |
| 2000-2001 | എൽ.എഫ്.ഐ.9/114/03/ 05.04.2003 | 9 | 20, 22 മുതൽ 29 വരെ |
| 2001-2002 | എൽ.എഫ്.ഐ.9/564/03/ 19.01.2004 | 23 | 2-1, 2-3 മുതൽ 2-8വരെ<br>3-1മുതൽ 3-16 വരെ |
| 2002-2003 | എൽ.എഫ്.ഐ.9/661/05/ 08.12.2006 | 15 | 1-1, 2-1, 2-2,<br>3-1മുതൽ 3-12 വരെ |

| | | | |
|---|---|---|---|
| 2003-2004 | എൽ.എഫ്.ഐ.9/448/06/ 13.10.2006 | 16 | 2-1മുതൽ 2-5വരെ<br>3-1മുതൽ 3-10 വരെ, 3-12 |
| 2014-2005 | എൽ.എഫ്.ഐ.9/1033/07/ 17.01.2008 | 18 | 2-1മുതൽ 2-12വരെ,<br>3-1, 3-3 മുതൽ 3-7 വരെ |
| 2005-2006 | എൽ.എഫ്.ഐ.9/559/08/ 21.09.2009 | 8 | 2-1മുതൽ 2-6വരെ,<br>3-1 മുതൽ 3-3 വരെ |
| 2006-2007 | എൽ.എഫ്.ഐ.9/570/10/ 10.06.2010 | 14 | 2-1 മുതൽ 2-4വരെ<br>3-1മുതൽ 3-10 വരെ |
| 2007-2008 | എൽ.എഫ്.ഐ.13/1439/13/ 06.01.2014 | 20 | 2-1 മുതൽ 2-8വരെ<br>3-1 മുതൽ3-14വരെ |
| 2008-2009 | കെ.എസ്.എ-ഐ.ഡി.കെ.13/1030/15/<br>17.10.15 | 12 | 2-2 മുതൽ 2-6വരെ<br>3-1 മുതൽ 3-7വരെ |
| 2009-2010 | കെ.എസ്.എ-ഐ.ഡി.കെ.13/305/15/<br>10.05.2016 | 10 | 2-2 മുതൽ2-5വരെ<br>3-1മുതൽ 3-5,വരെ 3-7 |
| 2010-2011 | കെ.എസ്.എ-ഐ.ഡി.കെ.13/1048/15/<br>05.01.2016 | 16 | 2-2(ബി),2-3,2-4,2-5,2-6,<br>2-8,2-9, 3-2 മുതൽ3-9വരെ |
| 2011-2012 | കെ.എസ്.എ-ഐ.ഡി.കെ.13/744/16/<br>14.11.2016 | 14 | 2-2 2-4 3-2,3-3,3-4,3-6,<br>3-7,3-8,3-9,3-10,3-11,<br>3-12,3-14,3-15 |
| 2012-2013 | കെ.എസ്.എ-ഐ.ഡി.കെ.13/1096/2014/ | 15 | 2-1,3-1,3-2,3-3, |

| | | | |
|---|---|---|---|
| | 13.11.2014 | | 3-6മുതൽ 3-16വരെ |
| 2013-2014 | കെ.എസ്.എ-ഐ.ഡി.കെ.13/1008/17/ 19.01.2018 | 25 | 2-1,2-2,2-3, 3-1മുതൽ 3-22വരെ |
| 2014-2015 | കെ.എസ്.എ-ഐ.ഡി.കെ.13945/18/ 01.09.2018 | 12 | 2-1മുതൽ 2-4വരെ 3-1 മുതൽ 3-8വരെ |
| 2015-2016 | കെ.എസ്.എ-ഐ.ഡി.കെ.13/1091/17/ 12.01.2018 | 9 | 3-1 മുതൽ 3-7വരെ, 3-9, 3-10 |
| 2016-2017 | കെ.എസ്.എ-ഐ.ഡി.കെ.13/44/18/ 22.03.2018 | 17 | 2-1,2-2,2-5,2-6,2-7 3-1,3-2, 3-4 മുതൽ 3-13വരെ |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ.13/1246/18/ 29.11.2018 | 7 | 1-12,2-2(ബി),2-2(സി),2-3,3-1, 3-5,3-6 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ-13/741/2019

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി

തൊടുപുഴ,തീയതി:04.09.2019
Ph : 04862-227332
E-mail : doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ **അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**